## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5191. 02.07.2013 ൽ മറുപടിയ്ക്ക്.

### സ്വകാര്യ സ്റ്റേജ് കാര്യേജ് ബസ്സുകളിലെ യാത്രാസൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) സ്വകാര്യ സ്റ്റേജ് കാര്യേജ് ബസ്സുകളിൽ സീറ്റുകൾ തമ്മിലുള്ള അകലം , ബസ്സുകളുടെ നീളം, ചവിട്ടുപടികളുടെ ഉയരം എന്നിവ സംബന്ധിച്ച് വ്യക്തമായ നിയമമുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ; | (എ) | 1989 -ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 267 പ്രകാരം സീറ്റുകൾ വാഹനത്തിന് നെടുകെയായിട്ടാണ് ഉറപ്പിച്ചിരിക്കുന്നതെങ്കിൽ ഇരുവശത്തുള്ള സീറ്റുകളുടെ പുറകുവശം തമ്മിൽ ഏറ്റവും കുറഞ്ഞത് 137 സെ.മീ. അകലം ഉണ്ടായിരിക്കണം.<br><br>സീറ്റുകൾ ഉറപ്പിച്ചിരിക്കുന്നത് കുറുകെയും സീറ്റുകൾ ഒരേ ദിശയായി അഭിമുഖീകരിച്ചുമാണ് നിരകൾ ഇട്ടുന്നതെങ്കിൽ സീറ്റുകളുടെ പുറകുവശം തമ്മിൽ ഏറ്റവും കുറഞ്ഞത് 68.5 സെ.മീ. അകലം ഉണ്ടായിരിക്കണം.<br><br>സീറ്റുകൾ ഉറപ്പിച്ചിരിക്കുന്നത് വാഹനത്തിന് കുറുകെയും, പരസ്പരം അഭിമുഖീകരിക്കുന്ന തരത്തിലുമാണെങ്കിൽ അപ്ഹോൾസറിയും പാഡിംഗും ഒഴിവാക്കി പരസ്പരം അഭിമുഖമായി സ്ഥിതി ചെയ്യുന്ന സീറ്റുകൾ തമ്മിൽ 48.5 സെ. മീ. വീതി ഉണ്ടായിരിക്കണം.<br><br>1989 - ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 93(2) (V) പ്രകാരം മൂന്ന ആക്സിലുള്ള പാസഞ്ചർ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് 15 മീറ്ററിൽ അധികം നീളം പാടില്ല.<br><br>1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 282(1) പ്രകാരം ഒരു സ്റ്റേജ് കാര്യേജിന്റെ ഏറ്റവും താഴത്തെ പടിക്ക് തറയിൽ നിന്നും 40 സെ.മീ.ൽ കൂടുതലോ, 25 സെ.മീ. ൽ കുറവോ ഉയരം ഉണ്ടാകുവാൻ പാടില്ല. |

| | | |
|---|---|---|
| (ബി) മുകളിൽ പറഞ്ഞവയിലെ അസൗകര്യംമൂലമുള്ള യാത്രാബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | ചട്ടങ്ങൾക്ക് വിധേയമായി പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.